**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1850** **31-08-2022 - ൽ മറുപടിയ്ക്ക്**

**പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ അക്വാപാർക്ക് ആരംഭിക്കുന്നതു സംബന്ധിച്ച് ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും 03.09.2021-ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) | വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ അക്വാപാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും 03.09.2021 ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ അനുസരിച്ച് പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് പ്രദേശത്തെ കണ്ടൽക്കാടുകൾ സംരക്ഷിച്ച് സി.ആർ.ഇസഡ്. ചട്ടങ്ങൾ പാലിച്ചു കൊണ്ട് വിവിധ വകുപ്പുകളുടെ സഹകരണത്താൽ പദ്ധതി കൺസെപ്റ്റ് നോട്ട് തയ്യാറാക്കാൻ എംപാനൽ ഏജൻസിയെ കണ്ടെത്തുന്നതിന് നോട്ടീസ് പ്രസിദ്ധീകരിക്കാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തി. പദ്ധതി വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) തയ്യാറാക്കണമെന്ന് പ്രസ്തുത മേഖലയിൽ പ്രവർത്തിപരിചയമുള്ള കേന്ദ്രസർക്കാർ അംഗീകൃത സ്ഥാപനമായ വാട്ടർ & പവർ കൺസൾട്ടൻസി സർവീസസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ടെക്നോ കോമേഴ്സ്യൽ & എൻവയോൺമെന്റ് ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനുള്ള തുക അനുവദിക്കണമെന്ന് കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മൽസ്യ സമ്പദ യോജന പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മുൻകൂർ തുക അനുവദിക്കാൻ കഴിയില്ലെന്നും ഡി.പി.ആർ. അംഗീകരിക്കുന്ന മുറക്ക് പദ്ധതി രൂപരേഖ തയ്യാറാക്കിയ തുക കൂടി ഉൾക്കൊള്ളിച്ച് അംഗീകാരം ലഭ്യമാക്കി നൽകുന്നതാണെന്നും കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷനെ അറിയിച്ചു. |

| | | | |
|---|---|---|---|
| | | | ഇന്റഗ്രേറ്റഡ് അക്വാപാർക്ക് പദ്ധതി പ്രീ- ഡി.പി. ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ